പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം.T 2292 | 8.07.2015- ൽ മറുപടി<br>നല്കേണ്ടത്. |

## അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന വിഷാംശമുള്ള പച്ചക്കറികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. കെ . വിജയൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും വിഷാംശമില്ലാത്ത പച്ചക്കറികൾ വിപണി കളിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത് ? | എ) | സംസ്ഥാനത്തേക്ക് കൂടുതൽ പച്ചക്കറി എത്തിക്കുന്ന സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഫലപ്രദമായ നടപടി സ്വീകരിക്കുവാനും കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.മേൽ വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 18.11.2014 ൽ വിളിച്ചചേർത്ത യോഗത്തിന്റെ തീരുമാനപ്രകാരം അന്യസംസ്ഥാന ങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്ന പഴങ്ങളിലേയും പച്ചക്കറികളിലേയും അമിതമായ കീട നാശിനിയുടെ ഉപയോഗം നിയന്ത്രിക്കുന്നതി നായി ഭക്ഷ്യസുരക്ഷാ കമ്മീഷണർ ചെയർപേഴ്സനായി ഒരു ഉന്നതതല കമ്മിറ്റി സർക്കാർ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ടി ഉന്നതതല കമ്മിറ്റിയുടെ തീരുമാനപ്രകാരം ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരുസംഘം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട പച്ചക്കറി ഉൽപ്പാദന വിതരണ മൊത്തവ്യാപാരമേഖലകൾ നേരിട്ട് സന്ദർശിച്ച് ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പച്ചക്കറി മൊത്തവ്യാപാരികളുടെ ഒരു അടിയന്തിരയോഗം 9.06.2015 ന് തിരുവനന്തപുരത്ത് വിളിച്ചചേർക്കുകയും അതിന്റെ തുടർനടപടികളുടെ ഭാഗമായി അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്തുനിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളുടെ കൂടുതൽ വിശദാം ശങ്ങൾ തേടുന്നതിനായി വിൽപ്പനനികുതി വകുപ്പിന്റെ സേവനവും ആവശ്യപ്പെട്ടിട്ടുണ്ട്.സംസ്ഥാനത്തെ വിപണികളിൽ നിന്ന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം കൂടി ഉപയോഗപ്പെടുത്തി കൂടുതൽ പച്ചക്കറി സാമ്പിളുകൾ ശേഖരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അയൽ സംസ്ഥാനങ്ങളിലെ ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ഒരു ഉന്നതതലയോഗം 21.07.2015 ൽ വിളിച്ചചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ